**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 790** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗക്കാരുടെ പാർപ്പിടം, വിദ്യാഭ്യാസം, അടിസ്ഥാന ജീവനോപാധികൾ തുടങ്ങിയ മേഖലകൾക്ക് പ്രാധാന്യം നൽകി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | ലൈഫ് മിഷൻ മുഖാന്തിരമാണ് ഭവന പദ്ധതി നടപ്പിലാക്കുന്നത്. അതിലേയ്ക്കായി വകുപ്പിന്റെ വിഹിതമായി ഒരു ഗുണഭോക്താവിന് 1 ലക്ഷം രൂപ വീതം ലൈഫ് മിഷന് അനുവദിച്ച് വരുന്നു. നടപ്പ സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി 300 കോടി രൂപ വകയിരുത്തുകയും അതിൽ നിന്നും 99 ലക്ഷം രൂപ ലൈഫ് മിഷന് അനുവദിച്ച നൽകുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 278 കോടി രൂപ ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ നൽകിവരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>I പ്രീമെട്രിക് സ്കോളർഷിപ്പ്<br><br>a) ലംപ്സം ഗ്രാന്റ്<br><br>b) സ്റ്റൈപന്റ്<br><br>c) ട്യൂഷൻ ഫീസ്<br><br>d) പ്രൈമറി/സെക്കന്ററി എഡ്യുക്കേഷൻ എയ്ഡ്<br><br>e) 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ്.<br><br>II. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br><br>a) പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം<br><br>b) ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം<br><br>c)ആടയാഭരണങ്ങൾ വാങ്ങുന്നതിന് ധനസഹായം<br><br>d)ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് |

| | | | |
|---|---|---|---|
| | | | e)സംസ്ഥാനത്തിന് പുറത്ത് പഠനം നടത്തുന്നവർക്കുള്ള ആനുകൂല്യം.<br><br>f)ഭാരതത്തിന് വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം.<br><br>g)മെഡിക്കൽ/എൻജിനീയറിംഗ് എൻട്രൻസ് കോച്ചിംഗിനുള്ള ധനസഹായം.<br><br>III. പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള അടിസ്ഥാന ജീവനോപാധികളുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>a)വിവാഹ ധനസഹായ പദ്ധതി<br><br>b)മിശ്രവിവാഹ ധനസഹായ പദ്ധതി<br><br>c)ഏകവരുമാനദായകൻ മരണമടഞ്ഞതുമൂലമുള്ള ധനസഹായ പദ്ധതി<br><br>d)ചികിത്സാ ധനസഹായ പദ്ധതി<br><br>e)ഭൂരഹിത പുനരധിവാസ പദ്ധതി<br><br>f)ദുർബല വിഭാഗങ്ങൾക്കുള്ള വിവിധ ധനസഹായ പദ്ധതികൾ<br><br>g)വിദേശ തൊഴിൽ ധനസഹായ പദ്ധതി<br><br>h)പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കുള്ള ധനസഹായം.<br><br>i)നൈപുണ്യ വികസന പരിശീലന പരിപാടി<br><br>j)സ്വയംതൊഴിൽ സബ്സിഡി പദ്ധതി |
| (ബി) | ഭവനരഹിതരായ പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ ആയിരുന്നുവെന്ന് വെളിപ്പെടുത്തുമോ; ഇതിൽ എത്രത്തോളം പുരോഗതി കൈവരിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വകുപ്പ് മുഖേന 23,971 വീടുകൾ അനുവദിക്കുകയും അതിൽ 20,280 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 2018-19 മുതൽ പാർപ്പിട പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നില്ല. ലൈഫ് മിഷൻ മുഖാന്തിരമാണ് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്. അതിലേയ്ക്ക് 2018-19 മുതൽ 2020-21 വരെ 306.3കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (സി) | പട്ടികവർഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബജറ്റിൽ ഉൾക്കൊള്ളിച്ച തുകയും കേന്ദ്ര വിഹിതവും സമയബന്ധിതമായി ചെലവഴിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് സംസ്ഥാന – കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ലഭ്യമാകുന്ന ഫണ്ട് അതാത് വർഷം തന്നെ ചെലവഴിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഓരോ മാസവും പദ്ധതികളുടെ പുരോഗതി വിവിധ തലങ്ങളിൽ വിലയിരുത്തി സമയബന്ധിതമായി ചെലവഴിക്കുന്നതിലൂടെ ഓരോ |

| | | | |
|---|---|---|---|
| | | | വർഷവും 90 ശതമാനത്തിലധികം ഫണ്ട് ചെലവഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>കെട്ടിട നിർമ്മാണങ്ങൾക്ക് കണ്ടെത്തുന്ന ഭൂമി കൈമാറ്റുന്നതിനുള്ള കാലതാമസം ഭൂമി സംബന്ധിച്ച വ്യവഹാരങ്ങൾ എന്നിവ കാരണം പോസ്റ്റ് മെട്രിക്/ പ്രീമെട്രിക് ഹോസ്റ്റലുകൾ, എം.ആർ.എസ്സുകൾ എന്നിവയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് യഥാസമയം ചെലവഴിക്കാത്തതിന് കാരണമാകാതിരിക്കാൻ ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ച് വേഗത്തിലാക്കുന്നതിന് ജില്ലാ കളക്ടർക്കും വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ